## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2358** **11/10/2011-ൽ മറുപടിക്ക്**

## വിദ്യാഭ്യാസ നിലവാരം ഉയർത്താൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനു വേണ്ടി എസ്.സി.ഇ.ആർ.ടി നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 (എൻ.സി.എഫ്-2005) പുറത്തു വന്നതിനെത്തുടർന്ന് സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 നു രൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു. ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം, ജ്ഞാനനിർമിതി, അന്വേഷണാത്മക പഠനം തുടങ്ങി എൻ.സി.എഫ്. മുമ്പോട്ടു വയ്ക്കുന്ന ആശയങ്ങളിൽ ഊന്നിക്കൊണ്ട് ആണ് ഈ പ്രവർത്തനങ്ങൾ നിർവഹിച്ചത്. പഠനം കൂടുതൽ ഫലപ്രദമാക്കാൻ ഈ പഠനരീതി സഹായകമാവും.<br>അദ്ധ്യാപകരെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി വേനലവധിക്കാലത്ത് അദ്ധ്യാപക പരിശീലനം സംഘടിപ്പിച്ചു വരുന്നു. ഇതിനുപുറമെ ക്ലസ്റ്റർതല പരിശീലനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.<br>പരീക്ഷകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി 10-ാം ക്ലാസ് അടിസ്ഥാനമാക്കി വിലയിരുത്തൽ സോഴ്സ് ബുക്ക് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. വിലയിരുത്തൽ മാർഗ്ഗരേഖയും ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയമാക്കാൻ ഇതു |

(......2)

| | | | |
|---|---|---|---|
| | | | സഹായിക്കും.<br>വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് അനേകം പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അവധിക്കാല അദ്ധ്യാപക പരിശീലനം, മെച്ചപ്പെട്ട പാഠപുസ്തക വിതരണം, സ്കോളർഷിപ്പുകളുടെ വിതരണം ഐ.സി.റ്റി. സഹായത്തോടെയുള്ള ക്ലാസ്സുകൾ, അദ്ധ്യാപക തുടർപരിശീലനം, തൽസ്ഥല പിൻതുടർ സംവിധാനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. |
| ബി) | തുടർ മൂല്യനിർണ്ണയങ്ങളിൽ ക്ലാസ്സ് അദ്ധ്യാപകൻ ഭൂരിഭാഗം കുട്ടികൾക്കും 20-ൽ ഇരുപതോ പത്തൊൻപതോ മാർക്ക് നല്കുകയും ശേഷിക്കുന്ന 80 മാർക്കിന് 10 മാർക്ക് നേടുന്ന വിദ്യാർത്ഥികൾ പാസ്സാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | തുടർ മൂല്യ നിർണ്ണയത്തിൽ 20/20, 19/20 ഇങ്ങനെ മാർക്കു നൽകുന്ന കാര്യം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് പരിശോധിച്ചിട്ടില്ല. 10/80 ലഭിക്കുന്ന കുട്ടി പാസാകുന്നതായി അല്ല രേഖപ്പെടുത്തുന്നത്. കുട്ടിക്കു ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡാണു നൽകുന്നത്. |
| സി) | പ്ലസ് വൺ, പ്ലസ് ടു മേഖലയിൽ ഇത്തരത്തിൽ വളരെക്കുറച്ചു മാർക്കുനേടുന്ന കുട്ടികളും പാസാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) യും<br>ഡി)യും | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | തീരെ നിലവാരം ഇല്ലാത്ത കുട്ടികൾ കൂടി 50%വരെ മാർക്കുകൾ നേടി പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കാനിടയാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഇ) | എസ്. എസ്. എൽ. സി. പാസ്സായി ഉപരിപഠനത്തിന് പോകുന്ന കുട്ടികൾക്ക് നന്നായി എഴുതാൻ പോലും അറിയാത്ത സാഹചര്യമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(.....3)

| | | | |
|---|---|---|---|
| എഫ്) | എസ്.എസ്.എൽ. സി./പ്ലസ് ടു എന്നിവയിൽ 90 ശതമാനത്തിലധികം വിജയശതമാനം നൽകൽ വിപരീതഫലങ്ങൾ ഉളവാക്കുമെന്നകാര്യം പരിശോധിക്കുമോ? | എഫ്) | പരിശോധിക്കേണ്ടതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ